**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം -2018-19 വർഷത്തെ തസ്തിക നിർണ്ണയം-തസ്തിക നഷ്ടപ്പെട്ട പുറത്താകുന്ന ഹൈസ്കൂൾ അദ്ധ്യാപകരെ 1:40 അനുപാതത്തിൽ നിലനിർത്തുന്നതിന് അനുമതി നല്കി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്**

**സ.ഉ (സാധാ) നം.2577/2018/പൊവിവ          തിരുവനന്തപുരം,തീയതി 10/07/2018**

പരാമർശം:- 1. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 20/6/2018 തീയതിയിലെ എച്ച്2/21500/2018/DPI നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ, 2018-19 വർഷത്തെ തസ്തിക നിർണ്ണയത്തിൽ, തസ്തിക നഷ്ടപ്പെട്ട് പുറത്താകുന്ന ഹൈസ്കൂൾ അദ്ധ്യാപകരെ നിലനിർത്തുന്നതിനു വേണ്ടി മാത്രം 9, 10 ക്ലാസ്സുകളിലെ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 1:40, ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് അനുസൃതമായി കണക്കാക്കുവാൻ അനുമതി നൽകി ഉത്തരവാകുന്നു.

1. ഒരു ജില്ലയിലെ സർക്കാർ സ്കൂളുകൾ ഒരു യൂണിറ്റായും ഒരു വിദ്യാഭ്യാസ ഏജൻസി ഒരു യൂണിറ്റായും പരിഗണിക്കേണ്ടതാണ്.
2. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:40 എന്നത് പുനർവിന്യസിക്കപ്പെട്ട സംരക്ഷിതാദ്ധ്യാപകരെ മാതൃസ്കൂളിലേക്ക് തിരികെ വിളിക്കുന്നതിനും ഉപയോഗപ്പെടുത്താവുന്നതാണ്.
3. ഇപ്രകാരം സംരക്ഷണം നൽകുന്ന അദ്ധ്യാപകരെ അവരുടെ കാറ്റഗറിയിൽ ഉണ്ടാകുന്ന തൊട്ടടുത്ത ഒഴിവിൽ തന്നെ ക്രമീകരിക്കേണ്ടതാണ്. ഇവർ ഉള്ളപ്പോൾ ഇവരുടെ കാറ്റഗറിയിൽ സ്ഥിരമായോ താൽക്കാലികമായോ ഉണ്ടാകുന്ന ഒഴിവുകളിൽ പുതിയ നിയമനം അനുവദിക്കുന്നതല്ല.
4. ഇപ്രകാരം സംരക്ഷണം അനുവദിക്കുമ്പോൾ നിർദ്ദിഷ്ട വിഷയാനുപാതം കർശനമായും പാലിക്കുന്നുണ്ടെന്ന ഉറപ്പ് വരുത്തേണ്ടതാണ്.
5. ഭാഷാദ്ധ്യാപകരെ നിലനിർത്താനും ഈ അനുപാതം പ്രയോജനപ്പെടുത്താവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എച്ച്. നജീബ്**

ജോയിന്റ് സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഐ.റ്റി @ സ്കൂൾ, തിരുവനന്തപുരം,

(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള തിരുവനന്തപുരം.

ഡയറക്ടർ, വെബ് & ന്യൂമീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും പ്രസ് റിലീസിനും)

പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും, സെക്ഷനുകൾക്കും.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ സെക്രട്ടറിക്ക്
പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്.